(ബി) കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ ശുപാർശയനുസരിച്ച് ഓരോ കോഴ്സിലും 4(നാല്) വിദ്യാർത്ഥികൾക്കുവീതം പ്രവേശനം നൽകാനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(സി) ഫാർമസി പ്രാക്ടീസിൽ എം.ഫാം കോഴ്സ് തുടങ്ങുന്നതിനു വേണ്ടി "2210-05-105-60 (പി)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. ഫാർമസി കോളേജിന്റെ പേരിലുള്ള "2210-05-105-84(പി)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലുള്ള തുകയും എം.ഫാം കോഴ്സ് തുടങ്ങുന്നതിനായി ഉപയോഗിക്കാവുന്നതാണ്. നടപ്പുസാമ്പത്തികവർഷത്തിൽ "2210-05-105-84" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 25 ലക്ഷം രൂപയും "2210-05-105-60" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 16 ലക്ഷം രൂപയും വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) മെഡിസിനൽ കെമിസ്ട്രിയിൽ എം.ഫാം കോഴ്സ് തുടങ്ങുന്നതിനുള്ള ഉത്തരവ് 1999-ൽ ആണ് നൽകിയിട്ടുള്ളത്.

1998-99 അദ്ധ്യയനവർഷത്തിലാണ് കേരള യൂണിവേഴ്സിറ്റിക്ക് കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷിച്ചിരുന്നത്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ പരിശോധനയ്ക്കുശേഷം, അനുവാദം ലഭിക്കുന്നത് 1999-2000 ത്തിൽ മാത്രമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് AICTE യുടെ അനുവാദത്തിനു വിധേയമായി കോഴ്സ് ആരംഭിക്കുന്നതിനുള്ള ഉത്തരവ് 1999 ഡിസംബറിൽ നൽകിയിട്ടുള്ളത്.

(ഇ) എം.ഫാം ഫാർമസി പ്രാക്ടീസ് കോഴ്സിനുവേണ്ടി യൂണിവേഴ്സിറ്റിക്കു നൽകിയ അപേക്ഷയിൽ നാലു സീറ്റുകൾക്കാണ് അപേക്ഷിച്ചിരുന്നത്. ഇപ്പോൾ നിലവിലുള്ള മറ്റ് എം.ഫാം കോഴ്സുകൾക്ക് രണ്ടു സീറ്റു വീതമേയുള്ളൂ. ഈ വസ്തുതയും, മറ്റ് അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയും ആ വിഷയം പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ ലഭ്യതയും അടിസ്ഥാനമാക്കിയാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. യൂണിവേഴ്സിറ്റിയുടെ പരിശോധനാ കമ്മിറ്റിയുടെ പ്രവർത്തനസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തിയിട്ടില്ല.

171 (1775) ഫാർമസിസ്റ്റുകളുടെ നിയമനം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ നിലവിൽ ഫാർമസിസ്റ്റുകളുടെ എണ്ണം എത്രയാണെന്ന് വിശദീകരിക്കുമോ;

(ബി) ഇവ ഏതു വർഷത്തെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) അധികജോലിയുടെ അടിസ്ഥാനത്തിൽ കൂടുതൽ ഫാർമസിസ്റ്റുകളെ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും പ്രപ്പോസൽ നിലവിലുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ രണ്ട് ഫാർമസിസ്റ്റുക ളുടെ തസ്തികകൾ നിലവിലുണ്ട്.

(ബി) ഇവ 1961-ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണ്.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചു വരുന്നു.

172 (1776) പി.എച്ച്. സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന ആവശ്യം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക, ഉദുമ എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സാമ്പത്തിക ലഭ്യതയനുസരിച്ച് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 25 പി.എച്ച്.സി./ഗവൺമെന്റ് ആശുപത്രികൾ മാത്രമാണ് സി.എച്ച്.സി.കളായി ഉയർത്തിയത്. അതിൽ കാസർഗോഡ് ജില്ല യിലെ ബേഡഡുക്ക, ഉദുമ എന്നീ പി.എച്ച്.സികൾ ഉൾപ്പെടുന്നില്ല.

173 (1777) കയർ വാർഡുകൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് കയർവാർഡുകൾ ആരംഭിച്ചിട്ടുള്ളത്;

(ബി) ആരോഗ്യ കേന്ദ്രങ്ങളോടൊപ്പം കയർവാർഡുകൾ ആരംഭി ക്കാൻ തീരുമാനമെടുത്തത് എന്നാണ്;

(സി) ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളിലെ കയർവാർഡുകളിലാണ് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനം ഉള്ളത്;

(ഡി) കയർവാർഡുകളുടെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ താഴെ കാണുന്ന 49 സർക്കാർ ആശുപത്രിക ളോടനുബന്ധിച്ചാണ് കയർ വാർഡുകൾ ആരംഭിച്ചിട്ടുള്ളത്.

1. പ്രാഥമികാരോഗ്യ കേന്ദ്രം അഞ്ചുതെങ്ങ്

LIBRARY ARCHIVES Kerala Legislative Assembly